ഖുത്വ്ബ നമ്പർ
13
30-03-2012

بسم الله الرحمن الرحيم O نحمده اونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ



# വിശ്വാസപരമായി സുദൃഢരാകുന്നതോടൊപ്പം കർമ്മപരമായി മാതൃകകളായിത്തീരുക.

കഴിഞ്ഞ ഖുതുബയിൽ ബൈഅത്തിന്റെ നിബന്ധനകൾ എന്ന വിഷയം പ്രതിപാദിച്ചുകൊണ്ട് ഒരു അഹ്മദിയുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ഞാൻ ഓർമ്മപ്പെടുത്തിയിരുന്നു. അതിൽ ഹ: മസീഹ് മൗഊദ്(അ)ന്റെ വിവിധ ഉദ്ധരണികൾ മുഖേന ഓരോ നിബന്ധനയെയും വിശദീകരിക്കുകയും ചെയ്തിരുന്നു. ഈ നിബന്ധനകളും ഹ:മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളും മൽഫൂസാത്തുകളും വായിച്ച് അതിനെക്കുറിച്ച് ചിന്തിക്കുമ്പോഴാണ് ആ മഹാത്മാവ് നമുക്ക് ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനം നൽകിക്കൊണ്ട് നമ്മുടെ വിശ്വാസപരവും പ്രവർത്തനപരവുമായ സംസ്ക്കരണം നടത്തിക്കൊണ്ട് നമ്മിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കാൻ ഉദ്ദേശിച്ചു എന്ന് മനസ്സിലാകുന്നത്. കാരണം ഇതില്ലാതെ ആ മഹാത്മാവിന്റെ അത്യുന്നതമായ ആഗമന ലക്ഷ്യം കരസ്ഥമാക്കാൻ സാധ്യമല്ല. അത് ആ കാലഘട്ടത്തിന്റെ അനിവാര്യതയായിരുന്നു. ഇതുമുഖേനയാണ് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ സാധിക്കുക.

ഒരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു: ഈ പ്രസ്ഥാനം കൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത് എന്താണെന്ന് അവൻ എന്നിൽ വെളിപ്പെടുത്തിയിരിക്കുന്നു. അതിതാണ്; ഇക്കാലത്ത് തഖ്‌വ മറഞ്ഞിരിക്കുന്നു. ചിലർ പ്രത്യക്ഷമായി നിർലജ്ജമായ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുകയാണ്. ചിലർ ദോഷപ്രവണമായ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നു. ചിലർ അവിശുദ്ധിയുടെ ഒരംശം തന്റെ പ്രവർത്തനങ്ങളോടൊപ്പം കൂട്ടിച്ചേർത്തിരിക്കുന്നു. എന്നാൽ നല്ല ഭക്ഷണത്തിൽ അൽപ്പം വിഷാംശം ചേർന്നാൽ ആ ഭക്ഷണം മുഴുവനും വിഷമയമായിത്തീരുന്നതാണ് എന്ന കാര്യം അവർ അറിയുന്നില്ല. ചിലർ ചെറിയ ചെറിയ തിന്മകളിലും പ്രകടനാത്മകത പോലെയുള്ളതിലും അകപ്പെട്ടിരിക്കുന്നു. ഇതിന്റെ തിന്മകൾ സൂക്ഷ്മമാണ്. ബാഹ്യമായി അവർ കരുതുന്നത് ഞങ്ങൾ യഥാർത്ഥ മതവിശ്വാസികളാണെന്നാണ്. എന്നാൽ അഹങ്കാരവും പ്രകടനാത്മകതയും അതേപോലെ സൂക്ഷ്മങ്ങളായ തിന്മകളിൽ അവർ അകപ്പെട്ടിട്ടുണ്ടാകും. അവയെല്ലാം ദൈവജ്ഞാനമാകുന്ന സൂക്ഷ്മദർശിനിയിലൂടെ മാത്രമേ കാണാൻ സാധിക്കുകയുള്ളൂ.

പറയുന്നു: ലോകത്തിന് തഖ്‌വയുടെയും പരിശുദ്ധിയുടെയും ജീവിതം പ്രകടമാക്കിക്കാണിക്കാൻ അല്ലാഹു ഇപ്പോൾ ഇച്ഛരിച്ചിരിക്കുകയാണ്. ഈ കാര്യത്തിനായാണ് ഈ പ്രസ്ഥാനത്തെ അല്ലാഹു സ്ഥാപിച്ചിരിക്കുന്നത്. പരിശുദ്ധിയാണ് അവൻ ആഗ്രഹിക്കുന്നത്. ഒരു പരിശുദ്ധമായ ജമാഅത്തിനെ ഉണ്ടാക്കുക എന്നതാണ് അവന്റെ ഉദ്ദേശ്യം.

അല്ലാഹു ഈ ജമാഅത്തിൽ പ്രവേശിക്കുന്നവരെ പ്രത്യേകമായി ശുദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. എങ്ങനെയാണ് പരിശുദ്ധമായ ജമാഅത്ത് സ്ഥാപിതമാകുക? നാമോരോരുത്തരും ദൈവിക ജ്ഞാനമാകുന്ന സൂക്ഷ്മദർശിനിയിലൂടെ നമ്മുടെ നഫ്സിനെ നോക്കണം എന്നാണ് ഹ: മസീഹ് മൗഊദ്(അ) നമ്മിൽ ഓരോരുത്തരിൽ നിന്നും ആഗ്രഹിക്കുന്നത്. നാം ഒരാത്മപരിശോധന നടത്തുക. വിശ്വാസപരമായ പോരായ്മകൾ പരിഹരിക്കുന്നതോടൊപ്പം തന്നെ നാനാതരം ചെറിയ ചെറിയ പ്രവർത്തനവൈകല്യങ്ങൾ പോലും ശരിയാക്കാൻ ശ്രമിക്കേണ്ടതാണ്. നമ്മുടെ പ്രവർത്തനത്തെക്കുറിച്ച് നാം നോക്കേണ്ടതാണ്. ഈ സൂക്ഷ്മദർശിനിയിലൂടെ നോക്കുമ്പോൾ അത് ചെറിയ തെറ്റുകളെയും വലുതാക്കിക്കാണിച്ചു തരുന്നതാണ്. കാരണം സൂക്ഷ്മദർശിനികൾ ചെറിയ വസ്തുക്കളെ വലുതാക്കിക്കാണിക്കും.

അതുകൊണ്ട് സ്വന്തം തെറ്റുകൾ കാണാനും സ്വന്തം പാപങ്ങളും ബലഹീനതകളും മനസ്സിലാക്കാനും വേണ്ടി നമ്മുടെ ആത്മപരിശോധനക്ക് ഉതകുന്ന സൂക്ഷ്മദർശിനി ഉപയോഗിക്കേണ്ടതായി വരും. ഈ ഒരു ചിന്തയോടുകൂടി നാം നമ്മുടെ പരിശോധന നടത്തുക. ചുരുക്കത്തിൽ അഹ്മദി ആണെന്ന നമ്മുടെ വാദവും നിസ്സാരമല്ല. അതേപോലെ ഹ:മസീഹ് മൗഊദ്(അ) സ്ഥാപിച്ച ഈ ജമാഅത്തും നിസ്സാരമായ ജമാഅത്തല്ല. അല്ലാഹുത്തആലാ ജമാഅത്തിലെ അംഗങ്ങളെ വിശുദ്ധീകരിച്ച് ഒരു പവിത്ര ജമാഅത്ത് ഉണ്ടാക്കാനാണ് ആഗ്രഹിക്കുന്നത്. അതിനു വേണ്ടിയാണ് ഹ:മസീഹ് മൗഊദ്(അ)നെ അല്ലാഹു നിയോഗിച്ചത്. അതുകൊണ്ട് ഓരോ അഹ്മദിയും തഖ്‌വയുടെയും പവിത്രതയുടെയും ജീവിതമാതൃകയിലൂടെ വിപ്ലവകരമായ മാറ്റം ഉണ്ടാക്കുകയാണ് എന്റെ കടമയെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ മാറ്റം നമ്മുടെ വിശ്വാസപരമായ സംസ്കരണവും അതേപോലെ പ്രവർത്തനപരമായ സംസ്കരണവുമായി ബന്ധപ്പെട്ടു നില്ക്കുന്നു. വെറും വിശ്വാസപരമായ പരിവർത്തനം മാത്രം ഫലം ചെയ്യില്ല. അതോടൊപ്പം പ്രവർത്തനപരമായ പരിവർത്തനവും അനിവാര്യമാണ്. നമ്മിൽ ഓരോരുത്തർക്കും നമ്മുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തയുണ്ടായിരിക്കേണ്ടതാണ്.

നമ്മുടെ വിശ്വാസം എന്തായിരിക്കണം, നമ്മുടെ പ്രവർത്തനം ഏതു രീതിയിലായിരിക്കണം എന്നത് ഹ: മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണിയിൽ നിന്നും നാം കേട്ടുകഴിഞ്ഞു. ചെറിയ ചെറിയ നന്മകളിലേക്ക് പോലും നമുക്ക് ശ്രദ്ധയുണ്ടായിരിക്കണം. വിശ്വാസത്തെക്കുറിച്ചും പ്രവർത്തനനിലവാരം എത്രമാത്രം ഉയരണം എന്നതിനെക്കുറിച്ചും വിവരിച്ചുകൊണ്ട് മറ്റൊരു സ്ഥലത്ത് ജമാഅത്തിനെ ഉത്ബോധിപ്പിച്ചുകൊണ്ട് പറയുന്നു:

നമ്മുടെ ഉപദേശങ്ങളുടെ ആകസ്സാരം അഥവാ അതിന്റെ കഴമ്പ്, **ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർ റസൂലുല്ലാഹ്** എന്നത്രെ. ഇവിടെ ഈ ലോകത്ത് നാം പുലർത്തിവരുന്നതും മറുലോകത്തേക്ക് നാം കടക്കുന്ന സമയം വരെ ദൈവാനുഗ്രഹത്താലും അവന്റെ സഹായത്താലും നമ്മോട് ഒട്ടിനിൽക്കുന്നതുമായ വിശ്വാസം ഇതാണ്. നമ്മുടെ ആത്മീയ നേതാവും യജമാനനുമായ ഹ:മുഹമ്മദ് മുസ്തഫാ(സ) തിരുമേനി ഖാത്തമുന്നബിയ്യീനും ഖൈറുൽ മുർസലീനുമാണ്. അവിടത്തെ കയ്യാൽ മതത്തിൽ പൂർണ്ണതയും അനുഗ്രഹപദവിയുടെ പരിപൂർത്തിയും വന്നുകഴിഞ്ഞു. അതുമുഖേന മനുഷ്യൻ സത്യപാത കൈവരിച്ചുകൊണ്ടു ദൈവത്തിന്റെ അടുക്കലോളം എത്താനാവും. വിശുദ്ധ ഖുർആൻ എല്ലാ ദിവ്യഗ്രന്ഥങ്ങളുടെയും ഖാത്തമുൽ ഖുതുബ് ആണ് എന്ന് നാം സുദൃഢം വിശ്വസിക്കുന്നു. അതിന്റെ നിശ്ചിത ശറത്തുകളിൽ നിന്നും അതിരുകളിൽനിന്നും കൽപ്പനകളിൽ നിന്നും വള്ളിപുള്ളി നീക്കുവാനോ അവയിൽ കൂട്ടിച്ചേർക്കാനോ പാടുള്ളതല്ല. വിശുദ്ധഖുർആനിലെ കൽപ്പനകളെ റദ്ദാക്കുകയോ മാറ്റുകയോ ദുർബലപ്പെടുത്തുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്ന യാതൊരു വെളിപാടും ദൈവവചനവും ഉണ്ടായിരിക്കുന്നതല്ല. അത്തരം വിശ്വാസം ആരെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ അയാൾ എന്റെ അഭി പ്രായത്തിൽ സത്യവിശ്വാസികളുടെ കൂട്ടത്തിൽ പെട്ടവനല്ല. അതുമുഖേന അയാൾ ഒരു അവിശ്വാസിയായിത്തീരുകയും ചെയ്യുന്നു.

സിറാത്തെ മുസ്തഖീമിലെ ഒരു നിസ്സാരപദവി കൂടി നമ്മുടെ നബി(സ)യെ പിൻപറ്റാതെ ഒരിക്കലും മനുഷ്യന് ലഭിക്കുന്നതല്ലെന്നും ഞങ്ങൾ വിശ്വസിക്കുന്നു. എന്നിട്ടല്ലെ നേർമാർഗ്ഗത്തിന്റെ ഉന്നതസ്ഥാനങ്ങൾ ഈ പ്രവാചകനേതാവിനെ പിൻപറ്റാതെ ലഭിക്കുക!! ഔന്നത്യത്തിന്റെയും മഹത്വത്തിന്റെയും ഒരു സ്ഥാനവും ആദരവിന്റെയും ദൈവസാമീപ്യത്തിന്റെയും ഒരു പദവിയും തന്നെ നമ്മുടെ പ്രവാചകനെ പരിപൂർണ്ണവും സത്യസന്ധവുമായ രീതിയിൽ പിൻപറ്റാതെ ആർക്കും ലഭിക്കുന്നതല്ല. നമുക്ക് ലഭിക്കുന്നതെല്ലാം തിരുനബി(സ) മുഖേനയാണ് ലഭിക്കുന്നത്.

തിരുനബി(സ)യുടെ സാമീപ്യത്തിന്റെ വരദാനം കരസ്ഥമാക്കിക്കൊണ്ട് സാത്വികവും പരിപൂർണ്ണവുമായ മനുഷ്യർ ആത്മീയപ്രയാണത്തിന്റെ പടവുകൾ കയറുകയുണ്ടായി. അവർക്ക് ലഭിച്ചതുപോലെയുള്ള മഹത്വങ്ങളും ശ്രേഷ്ഠതകളും നമുക്കും ലഭിച്ചിട്ടുണ്ടെങ്കിൽ അതും തിരുനബി(സ) മുഖേനയാണ് ലഭിച്ചത് എന്നും ഞങ്ങൾ വിശ്വസിക്കുന്നു. മുൻ മഹാത്മാക്കൾക്ക് ലഭിച്ച ചില ആപേക്ഷിക ശ്രേഷ്ഠതകൾ ഇപ്പോൾ നമുക്ക് ഒരുതരത്തിലും ലഭിക്കുന്നതല്ല. (തിരുനബി(സ)യുടെ കാലത്തുള്ളവർക്ക് ലഭിച്ച ചില കാര്യങ്ങൾ നമുക്ക് ഒരിക്കലും ഇപ്പോൾ ലഭിക്കുന്നതല്ല.)

പറയുന്നു: ഏതൊരു അഞ്ച് കാര്യങ്ങളിലാണോ ഇസ്‌ലാം സ്ഥാപിച്ചിരിക്കുന്നത് അതാണ് നമ്മുടെ വിശ്വാസം. അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധഖുർആനെ മുറുകെപ്പിടിക്കാൻ നമ്മോട് കൽപ്പിച്ചിരിക്കുന്നു. അതിനെ നാം മുറുകെ പിടിക്കുക. ഹ: ഫാറൂഖ്(റ)വിനെപ്പോലെ **ഹസ്ബുനാ കിതാബുല്ലാഹ്** (ഞങ്ങൾക്ക് അല്ലാഹുവിന്റെ ഗ്രന്ഥം മതി) എന്നാണ് ഞങ്ങളുടെ നാവിൽ നിന്നും വരിക. ഹദീസിനും ഖുർആനിനും ഇടയിൽ അഭിപ്രായഭിന്നത ഉണ്ടാകുമ്പോൾ ഹ: ആയിശ(റ)യെപ്പോലെ ഞങ്ങൾ ഖുർആന് മുൻഗണന നല്കുന്നതാണ്. (ഹദീസിനെക്കാളും ഖുർആനാണ് മുൻഗണന നല്കുന്നത്.) കഥകളെക്കുറിച്ചാണെങ്കിൽ അതിലൊന്നും ഏകീകരണമില്ല താനും. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. സയ്യിദുനാ ഹ: മുഹമ്മദ്(സ) അവന്റെ ദൂതനും ഖാത്തമുൽ അമ്പിയായും ആണ്. മലക്കുകൾ സത്യമാണെന്നും പുനരുദ്ധാനം സത്യമാണെന്നും വിധിനാൾ സത്യമാണെന്നും സ്വർഗം സത്യമാണെന്നും നരകം സത്യമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞതും തിരുനബി(സ) പറഞ്ഞതും എല്ലാം മുൻപറഞ്ഞതുപോലെ സത്യമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഈ ഇസ്ലാമിക ശരീഅത്തിൽ നിന്ന് അൽപം കുറക്കുകയോ കൂട്ടുകയോ, നിർബന്ധകാര്യങ്ങൾ ഉപേക്ഷിക്കുകയോ, സ്വന്തം ഇഷ്ടപ്രകാരം വല്ലതും നിർമ്മിക്കുവാനുള്ള ആരംഭം കുറിക്കുകയോ ചെയ്യുന്നവൻ അവിശ്വാസിയും ഇസ്‌ലാമിനെ പരിത്യജിച്ചവനുമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. നാം നമ്മുടെ ജമാഅത്തിനെ ഇപ്രകാരം ഉപദേശിക്കുകയാണ്. **ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർ റസൂലുല്ലാഹ്** എന്ന കലിമയിൽ അടിയുറച്ച് വിശ്വസിക്കുക. അതിൽ തന്നെ ജീവിക്കുകയും മരിക്കുകയും ചെയ്യുക. വിശുദ്ധഖുർആൻ മുഖേന ഏതെല്ലാം പ്രവാചകന്മാരുടെയും ഗ്രന്ഥങ്ങളുടെയും സത്യത വ്യക്തമാകുന്നുവോ അവയിലെല്ലാം വിശ്വസിക്കേണ്ടതാണ്. നോമ്പ്, നമസ്കാരം, സക്കാത്ത്, ഹജ്ജ് എന്നിവയും അല്ലാഹുവും അവന്റെ റസൂലും കൽപ്പിച്ച കൽപ്പനകളെല്ലാം തന്നെ നിർബന്ധമാണെന്ന് കരുതി അനുഷ്ഠിക്കുകയും വിരോധിച്ചിരിക്കുന്ന കാര്യത്തെ എല്ലാം വിരോധിക്കപ്പെട്ടതു തന്നെയണെന്ന് മനസ്സിലാക്കി യഥാർത്ഥ ഇസ്‌ലാമിൽ പദമൂന്നാനും നാം കൽപ്പിക്കുന്നു.

ചുരുക്കത്തിൽ മുൻകടന്ന മഹാത്മാക്കൾക്ക് ഏതെല്ലാം കാര്യങ്ങളിൽ വിശ്വാസപരവും കർമ്മപരവുമായ ഈമാനാണ് ഉണ്ടായിരുന്നത്, ഏതെല്ലാം കാര്യങ്ങളാണോ അഹ്‌ലെ സുന്നത്തിന്റെ അടുക്കൽ ഇസ്‌ലാം എന്ന് പറയപ്പെടുന്നത് അതെല്ലാം അംഗീകരിക്കേണ്ടത് നിർബന്ധമാണ്. ഇതാണ് ഞങ്ങളുടെ വിശ്വാസമെന്നതിന്ന് ആകാശഭൂമികളെ നാം സാക്ഷിനിർത്തുന്നു.

അല്ലാഹുവിന്റെ അസ്തിത്വമല്ലാത്ത മറ്റു സർവ്വതും നശ്വരമാണെന്ന് വിവരിച്ചുകൊണ്ട് പറയുന്നു; ഈസാ(അ)ഉം ഒരു മനുഷ്യനാണ്. അല്ലാഹുവിന്റെ പ്രവാചകനാണ്. അദ്ദേഹത്തിന്റെ മരണവും സംഭവിച്ചുകഴിഞ്ഞിരിക്കുന്നു.

കുരിശുമരണത്തിൽനിന്നും അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തുകയുണ്ടായി. കുരിശിലേറ്റ മുറിവുകളിൽനിന്നും അദ്ദേഹത്തെ സുഖപ്പെടുത്തുകയുണ്ടായി. അദ്ദേഹം കാശ്മീരിലേക്ക് ഹിജ്റത്ത് പോകുകയും അവിടെവെച്ച് വഫാത്താകുകയും ചെയ്തു. ഹ: ഈസാ (അ)ന്റെ വഫാത്തിനെക്കുറിച്ച് ഒരു സ്ഥലത്ത് ആ മഹാത്മാവ് വിവരിക്കുന്നു:

ഞാൻ മസീഹ്(അ)നെ മരിച്ചിരിക്കുന്നു എന്നും അദ്ദേഹം മരണപ്പെട്ടവരിൽ ഉൾപ്പെട്ടിരിക്കുന്നുവെന്നും അടിയുറച്ച് വിശ്വസിക്കുകയും ശരിക്കും അറിയുകയും ചെയ്യുന്നു. അദ്ദേഹം മരിച്ചിരിക്കുന്നു എന്നത് എനിക്ക് ദൃഢബോധ്യമാണ്. എന്തുകൊണ്ട് ഞാൻ ദൃഢമായി വിശ്വസിക്കില്ല? കാരണം എന്റെ യജമാനനും രക്ഷിതാവുമായ അല്ലാഹു തന്റെ പവിത്ര ഗ്രന്ഥമായ വിശുദ്ധഖുർആനിൽ അദ്ദേഹത്തെ മുത്തവഫീങ്ങളുടെ സംഘത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. വിശുദ്ധഖുർആനിൽ ഒരു സ്ഥലത്തുപോലും അദ്ദേഹത്തിന്റെ അനിതരസാധാരണമായ ജീവിതത്തെക്കുറിച്ചും അദ്ദേഹം വീണ്ടും വരും എന്നതിനെക്കുറിച്ചും പറഞ്ഞിട്ടില്ല. അദ്ദേഹം മരിച്ചുപോയിരിക്കുന്നു എന്ന് പറഞ്ഞ് മിണ്ടാതിരിക്കുകയാണ് ചെയ്തത്. അതുകൊണ്ട് ഭൗതീക ശരീരത്തോടു കൂടി അദ്ദേഹം ജീവിച്ചിരിക്കുന്നു എന്നതും അവസാനം ലോകത്തേക്ക് തിരിച്ചുവരും എന്നതും എനിക്ക് ലഭിച്ച വെളിപാടുകൾ മുഖേന മാത്രമല്ല ഞാൻ തെറ്റായി മനസ്സിലാക്കുന്നത്, മറിച്ച് മസീഹ് ജീവിച്ചിരിപ്പുണ്ട് എന്നതിന് വിശുദ്ധ ഖുർആന്റെ ഖണ്ഡിതവും വ്യക്തവും അനിഷേധ്യവുമായ അദ്ധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ തെറ്റാണെന്ന് മനസ്സിലാക്കുന്നു.

(വിശുദ്ധഖുർആന്റെ വ്യക്തവും ശക്തവുമായ ആയത്തുകളുടെ അടിസ്ഥാനത്തിൽ ഈസാ നബി(അ) മരിച്ചിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹം ജീവിച്ചിരിപ്പുണ്ടെന്നതിനെ തെറ്റായികരുതുകയും ചെയ്യുന്നു). ഹ: മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് ഇപ്രകാരം പറയുകയുണ്ടായി; വിശ്വാസപരമായി നിങ്ങളിലും മറ്റു മുസ്‌ലീംകളിലും ഒരു വ്യത്യാസവുമില്ല. ഇസ്‌ലാം കാര്യങ്ങൾ അംഗീകരിക്കുന്നു എന്ന് അവർ പറയുന്നു. അതു നിങ്ങളും പറയുന്നു; ഈമാൻ കാര്യത്തിൽ ഒരു അഹ്മദി വിശ്വസിക്കുന്നു എന്ന് വാദിക്കുന്നതുപോലെ മറ്റുള്ളവരും ഇതേവാദം ഉന്നയിക്കുന്നു. ഹ: ഈസാ(അ)ന്റെ മരണത്തിൽ മസീഹ് മൗഊദ് (അ)ന്റെ ആഗമനത്തിനു ശേഷം ഒരു വിഭാഗം വിശ്വസിക്കാൻ തുടങ്ങിയിരിക്കുന്നു. രക്തമഹ്ദി വന്ന് മറ്റുള്ളവരെ എല്ലാം വധിക്കും എന്ന വിശ്വാസവും ഇപ്പോൾ മാറിക്കൊണ്ടിരിക്കുകയാണ്.

കഴിഞ്ഞ ഖുതുബക്ക് മുമ്പുള്ള ഖുത്വുബയിൽ സഹാബിമാരുടെ രിവായത്ത് കേൾപ്പിച്ചതിൽ ഒരു സഹാബി മുഹമ്മദ് ഹുസൈൻ ബട്ടാലവിയോട് ചോദിച്ചത് കേൾപ്പിച്ചിരുന്നു. രക്തദാഹിയായ മഹ്ദിയെക്കുറിച്ച് നിങ്ങൾ ജനങ്ങളോട് പറയുന്നതൊന്നും എന്നാൽ വിശ്വസിക്കുന്നത് മറ്റൊന്നുമാണല്ലോ എന്ന് ചോദിക്കുകയുണ്ടായി. ഹ: മസീഹ് മൗഊദ്(അ) രക്തദാഹിയായ മഹ്ദി വരില്ലാ എന്ന് പറയുമ്പോൾ നിങ്ങൾ അതിനെ എതിർക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞത് നിനക്ക് മിർസാ സാഹിബിനെ വിശ്വസിക്കണമെന്നുണ്ടെങ്കിൽ വിശ്വസിക്കുക. എന്റെ കാഴ്ചപ്പാട് എന്താണെന്ന് നോക്കേണ്ട കാര്യമില്ല.

ഇവർ ഹ: മസീഹ് മൗഊദ് (അ)ന്നെതിരിൽ വരുമ്പോൾ രക്തദാഹിയായ മഹ്ദി വരും എന്നെല്ലാം പറയും. എന്നാൽ പലരുടെയും കാഴ്ചപ്പാടുകൾ മാറിയിട്ടുണ്ട്. ഹ: മസീഹ് മൗഊദ്(അ) വന്നതോടുകൂടി മറ്റു മുസ്‌ലീംകളുടെ വിശ്വാസപരമായ കാര്യങ്ങൾ ശരിയായിട്ടുണ്ട്. ഹ: മുസ്‌ലീഹ് മൗഊദ്(റ) ഇന്നേക്ക് 76 വർഷം മുമ്പ് വിശ്വാസപരവും കർമ്മപരവുമായ കാര്യങ്ങളിൽ വന്നിരിക്കുന്ന മാറ്റങ്ങളെക്കുറിച്ച് ഒരു ഖുത്വുബ പരമ്പര തന്നെ നൽകിയിരുന്നു. അതിൽ അദ്ദേഹം ഇത്രവരെ പറയുകയുണ്ടായി. ഇന്ത്യയിൽ വിദ്യാസമ്പന്നരായവരിൽ 10ൽ ഒരാൾ പോലും ഈസാ നബി(അ) ജീവിച്ചിരിക്കുന്നു എന്ന് വിശ്വസിക്കുന്നവർ ഉണ്ടാകില്ല. വിശുദ്ധ ഖുർആന്റെ നാസിഖ് മൻസൂഖ് എന്ന വിഷയത്തിൽ ഇപ്പോൾ മുമ്പുള്ള ആവേശം കാണുന്നില്ല.

ഹ: മുസ്‌ലീഹ് മൗഊദ്(റ) പറഞ്ഞ മറ്റൊരു കാര്യം മറ്റു മുസ്‌ലീംകൾ ആദ്യം ചില കാര്യങ്ങളിൽ ഇതാണെന്ന് പറഞ്ഞ് വാശിപിടിക്കാറുണ്ടായിരുന്നു. എന്നാൽ ഹ: മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തോടുകൂടി അങ്ങനെയുള്ള വിശ്വാസം ഉപേക്ഷിച്ച് അതിനെ പ്രതിരോധിക്കാൻ തുടങ്ങിയിരിക്കുന്നു. അവർ വിശ്വസിക്കുന്നുണ്ടെങ്കിൽ തന്നെ മുമ്പുള്ളത്ര വീറും വാശിയും ഒന്നുമില്ല. ഇന്നും ഇതുതന്നെയാണ് അവസ്ഥ. ഇപ്പോൾ ചില പണ്ഡിതരും പ്രഗത്ഭരുമായവർ, അതിൽ അറബികളും ഉൾപ്പെടും, ജിഹാദിന്നെതിരിൽ ശബ്ദിക്കാൻ തുടങ്ങിയിരിക്കുന്നു. ഇന്ന് മറ്റു മുസ്‌ലീംകൾ പറഞ്ഞുനടക്കുന്ന ജിഹാദ് ശരിയല്ല എന്നവർ പറയാൻ ധൈര്യപ്പെടുന്നു. അതുകൊണ്ട് അവരുടെ അടിസ്ഥാനകാഴ്ചപ്പാടുകളിലുള്ള ഈ മാറ്റം, അവരിലുള്ള വിദ്യാസമ്പന്നരും പൊതുസമൂഹത്തോട് ബന്ധപ്പെട്ട് കഴിയുന്നവരിലുമുള്ള ഈ മാറ്റം എല്ലാം വന്നത് ഹ: മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തിനു ശേഷമാണ്. ജിഹാദിന്റെ കാഴ്ചപ്പാട് തെറ്റാണെന്ന് അവർ പറയുന്നു. അവർ അഹ്മദീയ്യത്തിനെ അംഗീകരിച്ചാലും ഇല്ലെങ്കിലും ശരി, ഈ മാറ്റമെല്ലാം ഉണ്ടായത് ഹ: മസീഹ് മൗഊദ്(അ) വന്ന് ജിഹാദിന്റെ ശരിയായ ആശയം ലോകസമക്ഷം സമർപ്പിച്ചതിനു ശേഷമാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസങ്ങൾ മറ്റുള്ളവരിൽ നിന്നുള്ള വലിയൊരു വിഭാഗം അംഗീകരിക്കാൻ നിർബന്ധിതരാണെന്നതും ശരിയാണ്. ഇപ്പോൾ പൊതുവിൽ ചർച്ച ചെയ്യപ്പെടുന്നത് അദ്ദേഹത്തിന്റെ പദവി നബിയുടേതാണോ അതോ അല്ലയോ എന്നതാണ്. ഇതും ഒരു കാലം വരുമ്പോൾ ഇല്ലാതാവുന്നതാണ്.

ജമാഅത്തിന്റെ പൊതുവിലുള്ള വിശ്വാസവും അധ്യാപനങ്ങളും എന്താണെന്ന് അവർ മനസ്സിലാക്കാതെ എതിർക്കാൻ വരുന്നു. അവരുടെ പക്കൽ തെളിവുകളൊന്നുമില്ല. നമ്മുടെ വിശ്വാസങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ മറുപടി കിട്ടാതെ വന്നാൽ അടിപിടിയും കൊല്ലും കൊലയിലേക്കും കാര്യങ്ങൾ ചെന്നെത്തുന്നു. മുസ്‌ലീം കക്ഷികളിൽ നിന്ന് ഇക്കാലത്ത് അഹ്മദികൾക്കെതിരെ ഉണ്ടാകുന്ന പ്രവർത്തനങ്ങളാണിവയെല്ലാം. പ്രത്യേകിച്ച് പാക്കിസ്ഥാനിലും ഇന്ത്യയിലെ ചില പ്രദേശങ്ങളിലും. ഇതെല്ലാം തെളിയിക്കുന്നത് നമ്മുടെ ആദർശങ്ങളെ ഖണ്ഡിക്കുന്നതിന്നായി അവരുടെ പക്കൽ വിശുദ്ധഖുർആനിൽ നിന്നുള്ള ഒരു തെളിവും ഇല്ല എന്നാണ്.

അതേപോലെ ബുദ്ധിപരമായും ഒരു തെളിവും അവരുടെ പക്കലില്ലെന്ന് തെളിയുന്നു. പിന്നീട് അക്രമം അഴിച്ചുവിടുകയാണ് ചെയ്യുന്നത്. ചുരുക്കത്തിൽ അഹ്മദികളുടെ വിശ്വാസകാര്യങ്ങളെ തെളിവുകൾ കൊണ്ട് ആർക്കും നേരിടാൻ സാധ്യമല്ല. അറിവുകുറഞ്ഞ അഹ്മദികൾ ഇക്കാര്യത്തിൽ അറിവു നേടാൻ ശ്രമിക്കേണ്ടതാണ്. ഇക്കാലത്ത് എം.ടി.എയിൽ വരുന്ന *റാഹെ ഹുദാ* എന്നും മറ്റുമുള്ള പ്രോഗ്രാമുകൾ ഈ കാര്യങ്ങൾ കൂടുതൽ പഠിക്കാനും ഒരു വിധത്തിലുള്ള അപകർഷതാബോധവും ആരിലും ഉണ്ടാകാതിരിക്കാനും വേണ്ടിയാണ് സംപ്രേഷണം ചെയ്യുന്നത്.

ചുരുക്കത്തിൽ, അഹ്മദിയ്യാ ജമാഅത്തിന്റെ ബഹുഭൂരിപക്ഷവും ഏകദേശം എല്ലാവരും തന്നെ തങ്ങളുടെ വിശ്വാസങ്ങളിൽ അടിയുറച്ചു നിൽക്കുന്നവരാണ്. വല്ല ബലഹീനതയുമുണ്ടെങ്കിൽ ഒരു കാര്യം ഓർമ്മ വെക്കുക. ഹ: മസീഹ് മൗഊദ്(അ) ഏതൊരു കാര്യമാണോ നമ്മുടെ മുമ്പാകെ വിവരിച്ചിരിക്കുന്നത് അതാണ് യഥാർത്ഥ ഇസ്‌ലാം. അന്യർക്ക് ഇതിനെ തെളിവുകളുടെ അടിസ്ഥാനത്തിൽ ഖണ്ഡിക്കുവാനുള്ള കഴിവില്ല. അതുകൊണ്ട് ബലഹീനരായ ആരെങ്കിലുമുണ്ടെങ്കിൽ അവരും ശക്തരായി മാറുക. ഒരു രീതിയിലുമുള്ള ബലഹീനതയും പ്രകടിപ്പിക്കേണ്ട ആവശ്യം തന്നെയില്ല. ഹ:മസീഹ് മൗഊദ്(അ) നമുക്ക് വൈജ്ഞാനികപരവും വിശ്വാസപരവുമായ സുദൃഢമായ തെളിവുകൾ ഉൾക്കൊള്ളുന്ന സാഹിത്യങ്ങൾ നൽകിയിട്ടുണ്ട്. ഇതേപോലെ പ്രവർത്തനകാര്യത്തിലേക്കും നമ്മുടെ ശ്രദ്ധയെ ക്ഷണിച്ചിട്ടുണ്ട്. വിശ്വാസകാര്യങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞതുപോലെ അഹ്മദികൾ അല്ലാതിരുന്നിട്ടുകൂടി അന്യരിൽ ആ സാഹിത്യങ്ങൾ സ്വാധീനം ചെലുത്തിയിട്ടുണ്ട്. എന്നാൽ വിശ്വാസപരമായ മാറ്റം മാത്രം പോരാ. ഹ: മസീഹ് മൗഊദ്(അ) നമ്മുടെ പ്രവർത്തനങ്ങളെ ശരിപ്പെടുത്താനും കൂടിയാണ് വന്നത്. നമ്മുടെ പ്രവർത്തനങ്ങൾ ശരിയാവാതെ വിശ്വാസങ്ങൾ ശരിയായതുകൊണ്ട് മാത്രം കാര്യമില്ല. യഥാർത്ഥത്തിൽ പ്രവർത്തനമാതൃകയാണ് മറ്റുള്ളവരെ ഇതിലേക്ക് ആകർഷിക്കുന്നത്. ജമാഅത്തിൽ പ്രവേശിപ്പിക്കുന്നതും നമ്മുടെ വാക്കുകൾ ശ്രവിക്കാൻ കാരണമാവുന്നതുമെല്ലാം ഇതാണ്. അതുമല്ലെങ്കിൽ ചുരുങ്ങിയപക്ഷം അവർ മിണ്ടാതിരിക്കുകയെങ്കിലും ചെയ്യും. ചുരുക്കത്തിൽ ഇത് നിശബ്ദമായ ഒരു തബ്‌ലീഗ് കൂടിയായിരിക്കും. ചിലർ ജമാഅത്തിന്റെ വളരെ അടുത്ത് വന്നെങ്കിലും ബൈഅത്ത് ചെയ്യുന്നതിൽ നിന്നും അവരെ തടഞ്ഞത് ഏതെങ്കിലും അഹ്മദിയുടെ മോശമായ പെരുമാറ്റമായിരിക്കാം.

നാം ഇപ്പോൾ ഹ: മസീഹ് മൗഊദ്(അ)ന്റെ കാലത്തുനിന്ന് അകന്നു കൊണ്ടിരിക്കുകയാണ്. അതിനാൽ ഇപ്പോൾ നമുക്ക് നമ്മുടെ വിശ്വാസങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം നമ്മുടെ പ്രവർത്തനങ്ങളെ ശരിയാക്കേണ്ടതും അനിവാര്യമാണ്. വിശ്വാസപരമായി നാം യുദ്ധം വിജയിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ വിശ്വാസമനുസരിച്ച് പ്രവർത്തി ഇല്ലെങ്കിൽ, നമുക്ക് നൽകുന്ന അധ്യാപനങ്ങളനുസരിച്ച് നാം മുന്നോട്ടു പോകുന്നില്ലെങ്കിൽ അത് നമ്മിൽ പ്രാവർത്തികമാക്കാൻ പരിശ്രമിക്കുന്നില്ലെങ്കിൽ വെറും പേര് മാത്രമായി നാം അവശേഷിക്കുന്നതാണ്.

മുസ്‌ലീംകളുടെ ഭൂരിപക്ഷത്തെ നാം ഈ അവസ്ഥയിലാണ് ഇപ്പോൾ കാണുന്നത്. അവർ പല തെറ്റായ പ്രവർത്തനത്തിലും മുഴുകിയിരി ക്കുകയാണ്. നമസ്കരിക്കുന്നുണ്ടെങ്കിൽ തന്നെ അത് കണക്കു തീർക്കാൻ വേണ്ടി മാത്രം. അധികം പേർക്കും നമസ്കാരത്തെക്കുറിച്ച് ചിന്തയേ ഇല്ലാത്തവരാണ്. കളവ് സർവസാധാരണമാണ്. നിർലജ്ജമായ പ്രവർത്തനങ്ങൾ ചെയ്യുന്നതിൽ യാതൊരു സങ്കോചവും അവർക്കില്ല. പരസ്യമായി അത് ചെയ്യുന്നു.

കഴിഞ്ഞ ദിവസം ഒരു അനഹ്മദി സുഹൃത്ത് എന്നെ കാണാനിടയായി. ഇസ്‌ലാമിന്റെ ആത്മാഭിമാനത്തിന്റെ പേരും പറഞ്ഞ് വിവിധ സ്ഥലങ്ങളിൽ ആക്രമണങ്ങളഴിച്ചുവിടുന്ന തീവ്രവാദി ഗ്രൂപ്പുകൾ ഇസ്‌ലാമിക സംവിധാനം ഇവിടെ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു. അവർ സ്കൂളുകളെ ആക്രമിക്കുന്നു. നിഷ്കളങ്കരായ കുട്ടികളെയും സ്ത്രീകളെയും മർദ്ദിക്കുന്നു. ഞാൻ പാക്കിസ്ഥാനിൽ പോയപ്പോൾ ഇസ്‌ലാമാബാദിൽ പൊതുനിരത്തിൽ ഒരു ബിവറേജ് ഫാക്ടറി കണ്ടു. എന്നാൽ ഒരിക്കലും അവർ ഇതിനെ ആക്രമിച്ചിട്ടില്ല. അത് പരസ്യമായി നടത്തുന്ന സ്ഥാപനമാണ്. അതേപോലെ ടി.വി ചാനലുകളുണ്ട്. പാക്കിസ്ഥാനിലും വൃത്തികെട്ട നഗ്നത വെളിപ്പെടുത്തിക്കൊണ്ടുള്ള പ്രോഗ്രാമുകൾ സംപ്രേഷണം ചെയ്യുന്നുണ്ട്. മുസ്‌ലീം ചാനലുകളിലും വരുന്നു. ഇതിന്നെതിരിൽ ആരും ശബ്ദിക്കുന്നില്ല. അവയെ ഒന്നും ആക്രമിക്കുന്നുമില്ല. ഇസ്‌ലാമിന്റെ വക്താക്കളാണെന്ന് പറയുന്നവരുടെ പ്രവർത്തനങ്ങളാണിവയെല്ലാം.

തിരുനബി(സ) മദ്യം വാറ്റുന്നവരെയും അത് സൂക്ഷിക്കുന്നവരെയും വിൽക്കുന്നവരെയും കുടിപ്പിക്കുന്നവരെയും കുടിക്കുന്നവരെയുമെല്ലാം ശപിച്ചിരിക്കുന്നു. ഈ ശാപം ഇവർക്ക് സഹിക്കാവുന്നതാണ്. എന്നാൽ അഹ്മദികൾ കലിമ ചൊല്ലുന്നത് ഇവർക്ക് സഹിക്കാൻ കഴിയുന്നില്ല.

ചുരുക്കത്തിൽ നാമും ഈ സമൂഹത്തിൽ തന്നെയാണ് ജീവിക്കുന്നത്. അതിന്റെ സ്വാധീനം നമ്മിലും ഉണ്ടായേക്കാം. അതു കൊണ്ട് സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഹ: മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യം മനസ്സിലാക്കിക്കൊണ്ട് നമ്മുടെ പ്രവർത്തനങ്ങളിലേക്ക് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അപ്പോൾ മാത്രമാണ് നമുക്ക് സൂക്ഷ്മത പാലിക്കാൻ സാധിക്കുകയുള്ളൂ. പ്രത്യേകിച്ച് മുതിർന്നവർ കുട്ടികളെയും യുവാക്കളെയും ശ്രദ്ധിക്കേണ്ടതാണ്. യുവാക്കൾ സ്വയം ഇക്കാര്യങ്ങളിൽ സൂക്ഷ്മത പാലിക്കുക.

ഇക്കാലത്ത് ശത്രുക്കൾ വീടുകളിൽ നുഴഞ്ഞു കയറി മാന്യതക്ക് കളങ്കം വരുത്തുന്ന പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് ഓരോരുത്തരുടെയും പ്രവർത്തനത്തെ ദുഷിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ പറഞ്ഞതുപോലെ സൽസ്വഭാവത്തിന്റെയും നന്മയുടെയുമെല്ലാം കാഴ്ചപ്പാട് തന്നെ തിരുത്തികുറിച്ചിരിക്കുന്നു. ഇതുപോലെ ഇന്റർനെറ്റും മറ്റു വസ്തുക്കളും ഉണ്ട്. ഇതിന്നെതിരിൽ നാം ഒത്തൊരുമിച്ച് ജിഹാദ് ചെയ്യുന്നില്ലെങ്കിൽ ശൈത്താന്റെ പ്രവർത്തനത്തിന്റെ വലയിൽ നാം കുടുങ്ങുന്നതാണ്. ഇതിൽ നിന്നും രക്ഷപ്പെടാൻ മറ്റൊരു വഴിയും നമുക്കുണ്ടാവില്ല. ഇതിൽ നിന്നും രക്ഷപ്പെടാൻ അല്ലാഹുവിനോട് സഹായം തേടുകയല്ലാതെ മറ്റൊരു മാർഗ്ഗവുമുണ്ടാവില്ല. ഇതിന്നെതിരിൽ

ഒരുമിച്ച് നില്ക്കുകയും അതോടൊപ്പം അല്ലാഹുവിനോട് സഹായം തേടുകയും ചെയ്യുക. ഇതിന്നായി നമുക്ക് അല്ലാഹുവിനെ വിളിക്കേണ്ടതായി വരും. അപ്പോഴാണ് നമുക്ക് രക്ഷപ്പെടാൻ സാധിക്കുക. ഞാൻ ഏകനായ അല്ലാഹുവിൽ വിശ്വസിക്കുന്നുണ്ടെന്ന് പറഞ്ഞാൽ മതിയാകില്ല. ഏകനായ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കേണ്ട ആവശ്യം കൂടിയുണ്ട്. എന്നാൽ മാത്രമെ നമ്മുടെ വീടുകളിൽ പ്രവേശിച്ചു കൊണ്ടിരിക്കുന്ന പൈശാചികപ്രവണതകളിൽ നിന്നും നമുക്ക് വിട്ടുനിൽക്കാൻ സാധിക്കുകയുള്ളൂ. ഇതല്ലാതെ ഇങ്ങനെയുള്ള തിന്മകളിൽ നിന്നും രക്ഷപ്പെടാൻ മറ്റു മാർഗങ്ങളില്ല.

ഒരു സംഭവം ഇപ്രകാരം പറയപ്പെടുന്നു. ഒരു ഭക്തന് ഒരു ശിഷ്യനുണ്ടായിരുന്നു. ആ ശിഷ്യൻ പഠനമെല്ലാം പൂർത്തിയാക്കി തിരിച്ചുപോകാൻ തുടങ്ങിയപ്പോൾ ഗുരു തന്റെ ശിഷ്യനോട് ചോദിച്ചു. ഏതൊരു നാട്ടിലേക്കാണോ നീ പോവുന്നത് അവിടെ ശൈത്വാൻ ഉണ്ടാകുമോ? ഇതു കേട്ടപ്പോൾ ശിഷ്യൻ അത്ഭുതപ്പെട്ടുകൊണ്ട് ചോദിച്ചു. ശൈത്വാൻ ഇല്ലാത്ത പ്രദേശമുണ്ടോ? എല്ലായിടത്തും ഇല്ലേ. അപ്പോൾ ഗുരു ചോദിച്ചു, എന്നിൽ നിന്നും നീ ദീനിനെക്കുറിച്ചും സ്വഭാവസംസ്കരണത്തെക്കുറിച്ചും എല്ലാം പഠിച്ചിട്ടുണ്ട്. അതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങുമ്പോൾ ശൈത്താൻ നിന്നെ ആക്രമിച്ചാൽ നീ എന്തുചെയ്യും. ആ ശിഷ്യൻ പറഞ്ഞു. ഞാൻ നേരിടും. അങ്ങനെ നേരിട്ട് പരാജയപ്പെടുത്തിയതിനു ശേഷം വീണ്ടും നീ സൽപ്രവർത്തി ചെയ്യാൻ തുടങ്ങുമ്പോൾ ആക്രമിച്ചാൽ എന്തുചെയ്യും. അവൻ പറഞ്ഞു; ഞാൻ വീണ്ടും ശൈത്വാനെ നേരിടും. ഇങ്ങനെ രണ്ടു മൂന്നു പ്രാവശ്യം ഇതുതന്നെ ചോദിച്ചു. ഇതിനു ശേഷം ഗുരു ചോദിച്ചു; നീ നിന്റെ ഒരു സുഹൃത്തിന്റെ വീട്ടിലേക്ക് പോകുകയാണെന്ന് കരുതുക. അവിടെ ഒരു നായ ഉണ്ട്. വീട്ടിൽ പ്രവേശിക്കാൻ നോക്കുമ്പോൾ നായ വന്ന് നിന്നെ കടിക്കാൻ നോക്കുകയാണെങ്കിൽ നീ എന്തുചെയ്യും? അവൻ പറഞ്ഞു; ഞാൻ അതിനെ ആട്ടി ഓടിക്കാൻ ശ്രമിക്കും. വീണ്ടും ആക്രമിക്കുകയാണെങ്കിൽ എന്തു ചെയ്യും? വീണ്ടും ആട്ടിയോടിക്കും. അപ്പോൾ ഗുരു ചോദിച്ചു; ഇതേ രീതിയിൽ നീ ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ സുഹൃത്തിന്റെയടുത്ത് എത്താൻ എങ്ങനെ സാധിക്കും. അപ്പോൾ അവസാനം നീ എന്തു ചെയ്യും? ഞാൻ എന്റെ സുഹൃത്തിനെ വിളിച്ചുകൊണ്ട് പറയും; നീ നിന്റെ നായയെ പിടിച്ചുകെട്ടൂ. അപ്പോൾ ആ ഗുരു പറയുകയുണ്ടായി; ശൈത്താനും അല്ലാഹുവിന്റെ നായയാണ്. ഇതിൽനിന്നും രക്ഷപ്പെടാൻ അല്ലാഹുവിനെ തന്നെ വിളിക്കേണ്ടിവരും. അപ്പോൾ മാത്രമെ ഇതിന്റെ ആക്രമണത്തിൽ നിന്നും രക്ഷപ്പെടുകയുള്ളു. ഞങ്ങൾ അറിവ് നേടി, എല്ലാം ധാർമ്മിക ഗുണങ്ങളെക്കുറിച്ച് ഞങ്ങൾക്ക് പരിജ്ഞാനം കിട്ടിക്കഴിഞ്ഞു, എല്ലാ നന്മയെക്കുറിച്ചും അറിയാമെന്നും നമസ്കാരം ഞങ്ങൾ അനുഷ്ഠിക്കുന്നുണ്ടല്ലോ എന്നുമുള്ള മിഥ്യാധാരണയിൽ കഴിഞ്ഞു കൂടരുത്. ഈ ഒരു ധാരണയിൽ കഴിച്ചുകൂട്ടുകയാണെങ്കിൽ ശൈത്വാൻ നിങ്ങളെ ആക്രമിക്കുകയും നിങ്ങൾക്ക് അവനെ ഒന്നും ചെയ്യാൻ സാധിക്കുക യുമില്ല.

അതുകൊണ്ട് നിസ്വാർത്ഥമായി അല്ലാഹുവിന്റെ സഹായം തേടേണ്ട ആവശ്യമാണുള്ളത്. നിസ്വാർത്ഥമായി അവനെ ആരാധിക്കുക. അപ്പോൾ മാത്രമെ ശൈത്വാന്റെ ആക്രമണത്തിൽ നിന്നും വിട്ടുനിൽക്കാൻ സാധിക്കുകയുള്ളൂ. അല്ലാഹുമായുള്ള ബന്ധം സ്ഥാപിക്കാനും അവന്റെ സാമീപ്യം കരസ്ഥമാക്കാനും ഹ: മസീഹ് മൗഊദ്(അ)ന്റെ ബൈഅത്തിൽ വരികയും നമ്മുടെ വിശ്വാസം ശരിപ്പെടുത്തുകയും ചെയ്താൽ മാത്രം മതിയാവുന്നതല്ല. ഇതിന്നായി അല്ലാഹുത്തആലായെ സഹായത്തിന്നായി വിളിക്കേണ്ടിയിരിക്കുന്നു. അവന്റെ മുമ്പിൽ കുമ്പിടേണ്ടിയിരിക്കുന്നു. അവനോട് സഹായം തേടേണ്ടിയിരിക്കുന്നു. പ്രവർത്തന രൂപത്തിലുള്ള പരിശ്രമം ഉണ്ടാകുമ്പോൾ തൗബയിലേക്കും ഇസ്തിഗ്ഫാറിലേക്കും ശ്രദ്ധ ഉണ്ടായിത്തീരണം.

അതോടൊപ്പം അതിപ്രധാനമായ ഒരു കാര്യം നമസ്കാരമാണ്. അല്ലാഹുത്തആല വിശുദ്ധഖുർആനിൽ വിവിധ സ്ഥലങ്ങളിൽ നമസ്കാരത്തിലേക്ക് ശ്രദ്ധിക്കാൻ പറഞ്ഞിട്ടുണ്ട്. തിരുനബി(സ) പറയുകയുണ്ടായി: നമസ്കാരം വിശ്വാസികളുടെ മിഅ്റാജാണ്. ഇത് വിശ്വാസിയെ അല്ലാഹുവുമായി സമീപസ്തമാക്കുന്ന അവസ്ഥയാണ്. അവനോട് അവൻ സംസാരിക്കുന്നു.

അതിനാൽ ശൈത്വാനിൽ നിന്നും രക്ഷപ്പെടണമെന്നുണ്ടെങ്കിൽ, ഇക്കാലത്തെ വ്യർത്ഥമായ കാര്യങ്ങളിൽ നിന്നും രക്ഷപ്പെടേണമെന്നുണ്ടെങ്കിൽ, നമ്മുടെ നമസ്കാരത്തെ സംരക്ഷിക്കേണ്ട ആവശ്യമാണുള്ളത്. വിജയിക്കുന്ന വിശ്വാസികളുടെ മാതൃകയായി അല്ലാഹു പറഞ്ഞത് ഇതാണ്. അവൻ നമസ്കാരം കാത്തുസൂക്ഷിക്കും. കാരണം **ഇന്നസ്സ്വലാത്ത തൻഹാ അനിൽ ഫഹ്ഷാഇ വൽമുൻകർ** തീർച്ചയായും നമസ്കാരം ദുഷ്കൃത്യങ്ങളിൽ നിന്നും നിഷിദ്ധകാര്യങ്ങളിൽ നിന്നും മനുഷ്യനെ തടയുന്നു. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനായി അനുഷ്ഠിക്കുന്ന നമസ്കാരങ്ങളായിരിക്കണം അവ.

ചുരുക്കത്തിൽ ശൈത്താന്റെ ആക്രമണത്തിൽ നിന്നും രക്ഷപ്പെടാൻ അല്ലാഹുവിനെ സഹായത്തിനായി വിളിക്കുവാനുള്ള ഒരു സുപ്രധാന മാർഗ്ഗം നമസ്കാരമാണ്. ഇന്നത്തെ അധാർമ്മികമായ ഈ ചുറ്റുപാടിൽ ഇക്കാര്യത്തിലേക്ക് കൂടുതൽ ശ്രദ്ധ തിരിക്കേണ്ട ആവശ്യമാണുള്ളത്. കുട്ടികളെയും ഇക്കാര്യത്തിൽ ശ്രദ്ധിക്കണം. നമസ്കാരശീലം അവരിലും ഉണ്ടാക്കി എടുക്കുക. കുട്ടികളോടും യുവാക്കളോടും ഇക്കാര്യം പറയുന്നതിന്ന് മുമ്പെ മുതിർന്നവർ അവരുടെ നമസ്കാര കാര്യം ശരിയാക്കേണ്ടിയിരിക്കുന്നു. സ്വന്തം ഒരാത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു.

**യുകീമൂനസ്സ്വലാത്ത** എന്നു പറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ അർത്ഥം ജമാഅത്തോടുകൂടിയുള്ള നമസ്കാരമാണ്. ഇതിലേക്ക് ശ്രദ്ധ ഉണ്ടാകേണ്ടതാണ്. കാലാവസ്ഥ മാറുന്നതനുസരിച്ച് രാത്രി കുറയുന്നതനുസരിച്ച് സുബ്ഹി നമസ്കാരത്തിൽ ഹാജർ നില കുറയുന്നതായി ഞാൻ കാണുന്നു. കഴിഞ്ഞ ദിവസം അഞ്ചുമണിക്കാണ് നമസ്കാരം നടന്നത്. കൂടുതൽ പിന്നിലേക്ക് വന്നിട്ടില്ലായിരുന്നു. അപ്പോൾ തന്നെ സുബ്ഹി നമസ്കാരത്തിൽ ഹാജർ നില കുറയാൻ തുടങ്ങിയിരിക്കുന്നു. ഒരു മണിക്കൂർ മുമ്പോട്ട് വന്നപ്പോൾ കുറേയൊക്കെ ഹാജർ നില മെച്ചപ്പെട്ടിരുന്നു. ഇനി സമയം പിറകോട്ട് പോകുന്നതാണ്. അതിനാൽ ഇക്കാര്യത്തിൽ മുതിർന്നവരും കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സമയം

പിന്നോട്ട് പോകുന്നതനുസരിച്ച് ഹാജർ നില കുറയാൻ പാടില്ല. അതുകൊണ്ട് ഞാൻ നേരത്തെതന്നെ ഇക്കാര്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ തിരിക്കുകയാണ്.

സമയം നേരത്തെ ആയാൽ പോലും സുബ്ഹി നമസ്കാരത്തിന്റെ ഹാജർ നില കുറയാൻ പാടില്ല. ഭാരവാഹികൾ പ്രത്യേകിച്ച് ജമാഅത്തായ നമസ്കാരത്തിൽ അലസത കാണിക്കാതെ, ഇവരിലും അലസത കാണുന്നുണ്ട്, ഹാജർ നില മെച്ചപ്പെടുത്തുകയാണെങ്കിൽ എല്ലാ കീഴ് ഘടകങ്ങളിൽ പെട്ട ഭാരവാഹികളും മസ്ജിദിൽ വരാൻ തുടങ്ങിയാൽ മസ്ജിദിന്റെ ശോഭ തന്നെ വർദ്ധിക്കുന്നതാണ്. കുട്ടികളിലും യുവാക്കളിലും ഇത് സ്വാധീനം ചെലുത്തുന്നതാണ്.

ഓർക്കുക! ആരുടെയും ഉയർച്ച ഏതെങ്കിലും സ്ഥാനമാനം കൊണ്ടല്ല. ലോകരുടെ മുമ്പാകെ അവർ ഭാരവാഹി ആയിരിക്കാം. അവർ അതിനെ ആദരിക്കുകയും ചെയ്യും. എന്നാൽ യഥാർത്ഥമായത് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുക എന്നാണ്. അത് തിരുനബി(സ) പറഞ്ഞതുപോലെയാണ് കരസ്ഥമാകുക. തിരുനബി(സ) പറഞ്ഞു: നമസ്കാരം മിഅ്റാജാണ്. ഈ മിഅ്റാജ് കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്.

അതുകൊണ്ട് ആദ്യം ഭാരവാഹികൾ ഈ കാര്യത്തിൽ ശ്രദ്ധിക്കുക. അതോടൊപ്പം തങ്ങളുടെ കഴിവനുസരിച്ച് കുട്ടികളെയും യുവാക്കളെയും ബോധവൽക്കരിക്കുകയും ചെയ്യുക. നമസ്കാരം നിലനിർത്തുന്നതിന്നായി ശ്രമിക്കുക എന്ന ശബ്ദം നാനാദിക്കിൽ നിന്നും വരുമ്പോഴാണ് നമ്മുടെ വിജയം സ്ഥാപിതമാകുക. അതല്ലാതെ ഈസാനബി(അ) മരിച്ചു പോയെന്ന വിശ്വാസം ഉള്ളതുകൊണ്ടോ വിശുദ്ധഖുർആനിലെ ഒരായത്തും ദുർബ്ബലപ്പെട്ടിട്ടില്ല എന്നതുകൊണ്ടോ എല്ലാ പ്രവാചകന്മാരെല്ലാം നിഷ്കളങ്കരാണെന്ന് വിശ്വസിച്ചതുകൊണ്ടോ പ്രവചനം ചെയ്യപ്പെട്ട മസീഹും മഹ്ദിയും ഹ: മസീഹ് മൗഊദ്(അ) ആണെന്ന് അംഗീകരിച്ചതു കൊണ്ടോ നമുക്ക് വിജയിക്കാൻ കഴിയില്ല. നമ്മുടെ വിജയം എന്ന് പറയുന്നത് അല്ലാഹു നമുക്ക് നൽകിയ കൽപ്പനകളെ പ്രവർത്തനപഥത്തിൽ കൊണ്ടുവരുന്നതിലൂടെയാണ് സാധ്യമാകുക.

അതിൽ ഏറ്റവും പ്രധാനമായ കൽപ്പന നമസ്കാരം മുഖേന അല്ലാഹുമായി ബന്ധം സ്ഥാപിക്കുക എന്നതാണ്. അതല്ലെങ്കിൽ ശിർക്ക് നാം ചെയ്യില്ല എന്ന വാദവും പൊള്ളയായിത്തീരുന്നതാണ്. നാം നമ്മുടെ നമസ്കാരത്തെ സംരക്ഷിക്കുന്നില്ലെങ്കിൽ നാം ശിർക്ക് ചെയ്തവരിൽ ഉൾപ്പെടും. കാരണം അല്ലാഹു നമസ്കരിക്കാനായി വരാൻ പറയുകയുണ്ടായി. നമസ്കാരങ്ങളെ സംരക്ഷിക്കുന്നില്ലെങ്കിൽ നമസ്കാരത്തിന് പകരമായി മറ്റു വല്ല വസ്തുവും ഉണ്ടെന്നാണ്. അതിന് പ്രാധാന്യം നൽകുകയാണ് ചെയ്തത്. ഇത് ഗോപ്യമായ ശിർക്കാണ്.

ഏതെല്ലാം നന്മയിലേക്കാണോ അല്ലാഹു നമ്മുടെ ശ്രദ്ധ ക്ഷണിച്ചത് അതിൽ മറ്റുള്ളവരുടെ കടമകൾ നിറവേറ്റുന്നതിനെക്കുറിച്ചും കാണാവുന്നതാണ്. ഭൗതികമായ അത്യാഗ്രഹത്തിൽ കുടുങ്ങി അവകാശങ്ങൾ ധ്വംസിക്കുന്നു. ഇന്ന അഹ്മദി എന്നെ വഞ്ചിച്ചു എന്നും പറഞ്ഞ് അനഹ്മദികളുടെ കത്ത് എന്റെ അടുത്ത് വരുമ്പോൾ നാണിച്ച് തലതാഴ്ത്തേണ്ടി വരുന്നു. എനിക്ക് എന്റെ അവകാശം നേടിത്തരണം എന്ന് അവർ എഴുതുന്നു. ഈ കാര്യങ്ങൾ തബ്‌ലീഗിനും തടസ്സമുണ്ടാക്കുന്നു. മറിച്ച് പുതിയ അഹ്മദികൾക്കും ഇത് മാർഗഭ്രംശത്തിന് കാരണമായിത്തീരുന്നു.

കഴിഞ്ഞ ദിവസം ഒരു അറബ് അഹ്മദി എഴുതി. ഞാൻ ജമാഅത്ത് വിടുകയാണ്. വിടാനുള്ള കാരണം അന്വേഷിച്ചപ്പോൾ അറിഞ്ഞത് ചില അഹ്മദികളുടെ പ്രവർത്തനത്തിൽ മനസ്സ് മടുത്താണ് വിടുന്നത് എന്നാണ്. ഹ: മസീഹ് മൗഊദ്(അ)ന്റെ വാദത്തിൽ സത്യസന്ധനാണെന്ന് അടിയുറച്ച് വിശ്വസിക്കുന്നുണ്ട്. ചില അഹ്മദികളെ കണ്ട് നിസാമെ ജമാഅത്തിൽ നിന്നും ബന്ധം വിച്ഛേദിക്കുക എന്നത് അവർ ചെയ്യുന്ന തെറ്റായ പ്രവർത്തിയാണെന്നത് ശരി തന്നെ. അതോടൊപ്പം ആരുടെയെങ്കിലും വഴികേടിന് കാരണമാകുന്ന അഹ്മദികൾ, അതിൽ ഭാരവാഹികളും ഉൾപ്പെടും, ചിന്തിക്കേണ്ട കാര്യം എന്തുമാത്രം വലിയ തെറ്റിലാണ് അവർ അകപ്പെട്ടു പോവുന്നതെന്നാണ്.

ഒരു പ്രത്യേക കാര്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ തിരിക്കാൻ ഞാനാഗ്രഹിക്കുന്നു. സാമ്പത്തിക ത്യാഗത്തിൽ അഹ്മദികൾ വളരെയധികം മുൻപന്തിയിലാണ്. എന്നാൽ അതിന്റെ ഒരു ഭാഗമാണ് സക്കാത്ത് എന്നത്. ഇതിലേക്കും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രത്യേകിച്ച് ആഭരണങ്ങളുള്ള സ്ത്രീകൾ ഇക്കാര്യത്തിൽ ശ്രദ്ധിക്കുക. അതേപോലെ ഒരു വർഷത്തിൽ കൂടുതൽ പണം ശേഖരിച്ചുവെക്കുന്നവരും. വേണ്ടത്ര ശ്രദ്ധ ഇക്കാര്യത്തിലില്ല. ഒരു വിഭാഗം ആളുകൾ ഓരോ നയാ പൈസയും കണക്ക് വെച്ച് അതിന് ചന്ദയും സക്കാത്തും നല്കുന്നവരുണ്ട്. എന്നാൽ ചിലർ മനസ്സിലാക്കുന്നത് ചന്ദ നൽകിയാൽ മതി എന്നാണ്. സക്കാത്ത് അവർ നൽകുന്നില്ല. സെക്രട്ടറി മാൽ ഇക്കാര്യത്തിലേക്ക് അവരെ ബോധവൽക്കരിക്കുന്നില്ല. ഇതുകാരണം അതിന്റെ പ്രാധാന്യം അവർ അറിയാതെ പോകുന്നു. അതുകൊണ്ട് ഇതിലേക്കും കൂടുതൽ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്.

വിശുദ്ധഖുർആൻ പറഞ്ഞ എല്ലാ തിന്മകളും ഉപേക്ഷിക്കുകയും എല്ലാ നന്മകളും സ്വായത്തമാക്കുകയും ചെയ്യേണ്ടതാണ്. അതിനാൽ ഹ: മസീഹ് മൗഊദ് (അ) പറഞ്ഞ വിശുദ്ധഖുർആന്റെ 700 കൽപനകളിൽ ഒന്നിനെ പോലും നിങ്ങൾ ഉപേക്ഷിക്കരുത് എന്നത് എപ്പോഴും മുമ്പിൽ വെക്കേണ്ടതാണ്. ചെറിയ ചെറിയ പാപങ്ങളിൽ നിന്നുപോലും നാം രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്. ഹ: മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണി പ്രാരംഭത്തിൽ ഞാൻ കേൾപ്പിക്കുകയുണ്ടായി. ചെറിയ ചെറിയ പാപങ്ങളിൽ അകപ്പെട്ടുകൊണ്ട് ഇതൊന്നും പാപമല്ലെന്ന് നിങ്ങൾ കരുതരുതെന്ന് അതിൽ പറയുന്നു. അത് ബാഹ്യമായി ആർക്കും കാണാൻ സാധിക്കുന്നില്ലെങ്കിലും ആത്മജ്ഞാനമാകുന്ന സൂക്ഷ്മദർശിനിയിലൂടെ നോക്കേണ്ടതാണ്. എന്നിട്ട് ആത്മപരിശോധന നടത്തുക. അപ്പോഴാണ് ഇത് പാപമാണെന്ന് മനസ്സിലാകുക.

കപടനാട്യത്തെക്കുറിച്ച് ഹ: മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. ഇത് പൊതുവിൽ മറ്റുള്ളവർക്ക് മനസ്സിലാകില്ല. സ്വയം മനുഷ്യന് ഇത് മനസ്സിലാവും. യാഥാർത്ഥ്യങ്ങളിൽ നിന്നുകൊണ്ട് ആത്മപരിശോധന നടത്തുകയാണെങ്കിൽ ഞാനീ പ്രവർത്തി ചെയ്യുന്നത് ജനങ്ങളെ കാണിക്കാനാണോ അതോ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനാണോ എന്നവന് മനസ്സിലാകുന്നതാണ്. എന്റെ ഓരോ പ്രവർത്ത

നവും തന്നെ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാകുന്നതിന്നായാൽ മാത്രമേ എനിക്ക് പ്രതിഫലം ലഭിക്കുകയുള്ളൂ എന്ന് ഒരാൾക്ക് ബോധ്യമായാൽ അവൻ സത്പ്രവർത്തികൾ ചെയ്യാൻ ശ്രമിക്കുന്നതാണ്. അപ്പോഴാണ് കൂടുതൽ സത്പ്രവർത്തികൾ ഏതെല്ലാമാണെന്ന് അവർ അന്വേഷിക്കുകയുള്ളൂ. ഇതുണ്ടായിക്കഴിഞ്ഞാൽ കപടനാട്യം ഉണ്ടാകില്ല. മറ്റു തിന്മകളും ഇല്ലാതായിത്തീരുന്നതാണ്. ഇതേപോലെ വിശുദ്ധഖുർആനിൽ കുടുംബ ബന്ധുക്കളോട് സൽപെരുമാറ്റത്തെക്കുറിച്ച് കൽപ്പിച്ചിരിക്കുന്നു. ഇതിൽ ഏറ്റവും പ്രധാനം മാതാപിതാക്കളും ഭാര്യാമക്കളുമാണ്. തുടർന്ന് അടുത്ത ബന്ധുക്കൾ.

ഇക്കാലത്ത് ക്ഷമാശീലം സ്ത്രീകളിലും പുരുഷന്മാരിലും വളരെ കുറവാണ്. ക്ഷമിക്കാനും സഹിക്കാനും അല്ലാഹു കൽപിച്ചിട്ടുള്ളതാണ്. ഇതിന്റെ കുറവുകാരണം വിവാഹ ബന്ധങ്ങൾ വേർപിരിയുന്നതിന്റെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഇതുകാരണം കുട്ടികളെ ഇത് ഏതുതരത്തിൽ ബാധിക്കും എന്ന് ആരും ചിന്തിക്കുന്നില്ല. ഇരുഭാഗത്തു നിന്നും തഖ്‌വയുടെ കുറവ് പ്രകടമാണ്.

അതേപോലെ പ്രവർത്തനവൈകല്യം വ്യക്തമാണ്. ഓരോ പ്രവർത്തനത്തിലും നമ്മുടെ സത്യസന്ധത പ്രകടമാകുമ്പോഴാണ് നാം സത്യവാന്മാരാണെന്ന് മറ്റുള്ളവർക്ക് മനസ്സിലാ കുക എന്ന കാര്യം ഓരോ അഹ്മദിയും മനസ്സിലാക്കേണ്ട താണ്. നമ്മുടെ കാര്യലാഭം വരുമ്പോൾ നാം ഏകപക്ഷീയമായി നമ്മുടെ തന്നെ നേട്ടം ആഗ്രഹിക്കുകയാണെങ്കിൽ ബൈഅത്തിൽ വന്നുകൊണ്ട് നമ്മിൽ പരിവർത്തനം വരുത്തുമെന്ന് പറഞ്ഞ വാക്കുകൾ വെറും പൊള്ളയായിത്തീരുന്നതാണ്.

വിശുദ്ധഖുർആൻ പറയുന്നത് നിങ്ങൾക്കെതിരിലോ നിങ്ങളുടെ മാതാപിതാക്കൾക്കെതിരിലോ നിങ്ങളുടെ അടുത്ത ബന്ധുക്കൾക്കെതിരിലോ സത്യസാക്ഷ്യം പറയേണ്ടി വന്നാലും നിങ്ങൾ നൽകണം എന്നാണ്. എന്നാൽ നമ്മുടെ പ്രവർത്തനം ഇതിന് വിരുദ്ധമാണെങ്കിൽ എന്ത് പരിവർത്തനമാണ് നമുക്ക് കൊണ്ടുവരാൻ സാധിക്കുക. നീതി നടപ്പിൽ വരുത്തുന്നതിന്നായി വിശുദ്ധഖുർആന്റെ നിർദ്ദേശം ഇതാണെന്ന് പറഞ്ഞുകൊണ്ട് മറ്റുള്ളവരുടെ മുമ്പാകെ വിശുദ്ധ ഖുർആന്റെ ഈ നിർദ്ദേശമാണ് ഞാൻ മുമ്പിൽ വെക്കാറുള്ളത്. അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളനുസരിച്ച് ചരിക്കുന്ന ജമാഅത്ത് എന്നും വാദിക്കാറുണ്ട്. എന്നാൽ അന്യരുടെ അനുഭവത്തിൽ അഹ്മദികളുടെ പ്രവർത്തനം ഇതിന് വിരുദ്ധമായി കണ്ടാൽ അവരിൽ ഈ വാദങ്ങൾ എന്ത് സ്വാധീനമാണ് ചെലുത്തുക.

അങ്ങനെയുള്ള അഹ്മദികൾ അഹ്മദിയ്യത്തിന്റെ തബ്‌ലീഗിന്ന് തടസ്സമാണ്. അതിനാൽ ആത്മപരിശോധന നടത്തേണ്ട ആവശ്യമാണുള്ളത്. ഒരു കണക്കെടുപ്പ് നാം നടത്തണം. ഇതേപോലെ വിശുദ്ധഖുർആന്റെ വിവിധ കൽപനകളുണ്ട്. നമ്മുടെ പ്രവർത്തനപരമായ സംസ്കരണം വരുന്നത് എല്ലാ നിലയിലും നാം ആത്മപരിശോധന നടത്തുകയും നമ്മുടെ ബലഹീനതകൾ നോക്കിക്കാണുകയും ചെയ്യുമ്പോഴാണ്. നമ്മുടെ പ്രവർത്തനം ശരിയായിക്കഴിഞ്ഞാൽ നാം ഹ: മസീഹ് മൗഊദ് (അ)ന് ചെയ്ത ബൈഅത്ത് പ്രാവർത്തികമാക്കാൻ ശ്രമിച്ചു എന്ന് നമുക്ക് പറയാൻ കഴിയും.

അതല്ലാതെ അദ്ദേഹത്തെ അംഗീകരിച്ചതുകൊണ്ടോ അദ്ദേഹത്തിന്റെ എല്ലാ വാദങ്ങളെയും അംഗീകരിച്ചതുകൊണ്ടോ കാര്യം നടക്കില്ല. ഒരു ഭാഗം നാം സ്വീകരിച്ച് എന്ന് പറയാം. എന്നാൽ സുപ്രധാനമായ മറ്റൊരു ഭാഗം നാം തള്ളിക്കളയുകയും ചെയ്തു.

ഞാൻ പറഞ്ഞതുപോലെ ഓരോ നിസ്സാര നന്മയും പ്രാവർത്തികമാക്കാൻ ശ്രമിക്കേണ്ടതാണ്. ചെറിയ നന്മകൾ ഏതാണെന്നും വലിയ നന്മകൾ ഏതാണെന്നും മനുഷ്യന് അറിയില്ല. ഹദീസുകളിൽ നിന്നും മനസ്സിലാകുന്നത് ഒരു നന്മ ഒരാൾക്ക് ചെറുതാണെങ്കിൽ അത് മറ്റൊരാൾക്ക് വലുതായിരിക്കും. അതിന്റെ നിർവചനങ്ങൾ വ്യത്യസ്ഥങ്ങളാണ്. ഒരു സഹാബി ചോദിച്ചു; യാ റസൂലുല്ലാഹ്(സ) ഏറ്റവും വലിയ നന്മ ഏതാണ്? തിരുനബി(സ) പറഞ്ഞു; അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുക. അതാണ് വലിയ നന്മ. മറ്റൊരവസരത്തിൽ മറ്റൊരു സഹാബി ചോദിച്ചു; ഏറ്റവും വലിയ നന്മ ഏതാണ്? അപ്പോൾ പറഞ്ഞു; മാതാപിതാക്കൾക്ക് സേവനം ചെയ്യുക. മറ്റൊരവസരത്തിൽ മൂന്നാമതൊരു സഹാബി ചോദിച്ചു; യാറസൂലുല്ലാഹ്(സ) വലിയ നന്മ ഏതാണ്? പറഞ്ഞു; നമസ്കാരം അനുഷ്ഠിക്കുക. തഹജ്ജുദിന്റെ നഫൽ അനുഷ്ഠിക്കുക. വിവിധ ആളുകൾക്ക് വിവിധ കാര്യങ്ങളെക്കുറിച്ചാണ് തിരുനബി ശ്രദ്ധ ക്ഷണിച്ചത്. അതുകൊണ്ട് വലിയ നന്മ എന്നത് മൂന്നോ അതിൽ കൂടുതലോ ആകില്ല. ഓരോരുത്തരെയും അവരുടെ ബലഹീനത കണക്കിലെടുത്ത് വിവിധ കാര്യങ്ങൾ പറഞ്ഞുകൊടുത്തിട്ടുണ്ടാകും. വലിയ നന്മ ശരിക്കും ഒന്നായിരിക്കും. എന്നാൽ തിരു നബി(സ)യുടെ പക്കലും ഏറ്റവും വലിയ നന്മ എന്നത് ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിൽ ഏതൊന്നിന്റെ കുറവാണോ ഉള്ളത് അതാണ്. ഒരാൾ മാതാപിതാക്കളെ സേവിക്കുന്നില്ലെങ്കിൽ, ഭാര്യാമക്കളുടെ കടമകൾ നിറവേറ്റുന്നില്ലെങ്കിൽ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ദീനീ സേവനമല്ല വലിയ നന്മ. ഒരു പക്ഷെ അവൻ ഈ സേവനം ചെയ്യുന്നത് വ്യക്തിപരമായ വല്ല കാര്യലാഭത്തിനുമായിരിക്കാം. അതല്ലെങ്കിൽ പേരിനും പ്രശസ്തിക്കും വേണ്ടിയായിരിക്കാം.

അതിനാൽ ആരുടെ പെരുമാറ്റം കാരണം അവരുടെ വീട്ടുകാർ വിലപിക്കുന്നുവോ, അവർ ഭാരവാഹികളാണെങ്കിലും അവർക്ക് ദീനീ സേവനത്തിനുള്ള പ്രതിഫലം ലഭിക്കണമെന്നുണ്ടെങ്കിൽ അവർക്ക് മാതാപിതാക്കളുടെയും ഭാര്യാമക്കളുടെയും കടമകൾ നിറവേറ്റേണ്ടിയിരിക്കുന്നു. ചന്ദ നൽകുന്നതിൽ ഒരാൾ മുമ്പനും എന്നാൽ നമസ്കാരത്തിൽ അലസനുമാണെങ്കിൽ, നഫലുകൾ അനുഷ്ഠിക്കുന്നതിൽ മടിയനാണെങ്കിൽ അദ്ദേഹത്തെ സംബന്ധിച്ചെടുത്തോളം നന്മ എന്നത് നമസ്കാരവും നഫലുകളുമാണ്. ഇങ്ങനെയുള്ള വിവിധങ്ങളായ നന്മകളുണ്ട്. ഒരാൾക്ക് അത് ചെറുതായി ത്തോന്നാം. എന്നാൽ മറ്റുള്ളവർക്ക് അത് വലുതായിരിക്കും.

അതുകൊണ്ട് ചെറിയ നന്മകൾ ഏതാണെന്നും വലിയ നന്മകൾ ഏതാണെന്നുമുള്ളതിന് പ്രത്യേക പട്ടികയൊന്നുമില്ല. ഹ: മസീഹ് മൗഊദ്(അ) കാപട്യനാട്യത്തെക്കുറിച്ച് ഉദാഹരിച്ച് പറഞ്ഞതുകൊണ്ട് അർത്ഥമാക്കുന്നത് ചെറിയ തിന്മകളും ചിലപ്പോൾ വലിയ തിന്മയായിത്തീരുമെന്നതാണ്. നമസ്കരിക്കുക എന്നത് ഉത്തമ പ്രതിഫലം ലഭിക്കുന്ന

പ്രവർത്തിയാണ്. അല്ലാഹുവിന്റെ സാമീപ്യം നല്കുന്നതാണ്. ദീനിന്റെ മിഅ്റാജാണ്. എന്നാൽ കാണിക്കാനുള്ള നമസ്കാരം സ്വീകരിക്കപ്പെടുന്നതല്ല. അത് തിരിച്ചടിക്കുന്നതാണ്. ഇതേപോലെ ഒരാൾ നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നു. എന്നാൽ മറ്റുള്ളവരുടെ അവകാശങ്ങൾ ധ്വംസിക്കുന്നവനാണ്. അയാൾക്ക് ഈ നമസ്കാരം നന്മയായിത്തീരില്ല. മറ്റുള്ളവരുടെ അവകാശങ്ങൾ നൽകിയതിനു ശേഷം നമസ്കരിച്ചിരുന്നെങ്കിൽ തീർച്ചയായും നമസ്കാരത്തിന്റെ പ്രതിഫലം അയാൾക്ക് ലഭിക്കുമായിരുന്നു.

ഹ: മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണി ഞാൻ കേൾപിച്ചതിൽ ഇസ്ലാം കാര്യത്തെക്കുറിച്ച് പറയുന്നുണ്ട്. നോമ്പ് അതിൽപ്പെട്ട ഒന്നാണ്. മുസ്ലീംകൾ റമദാനിൽ നോമ്പ് എടുക്കുന്നു. എന്നാൽ പല നോമ്പുകാരും നോമ്പെടുത്തും കളവ്, വഞ്ചന, ചീത്തവിളിക്കൽ, പരദൂഷണം പറയൽ തുടങ്ങിയവ ചെയ്യുന്നു. തിരുനബി(സ) പറയുകയുണ്ടായി: ആരാണോ നോമ്പെടുത്തുകൊണ്ട് ഇവ്വിധ പ്രവർത്തനങ്ങൾ ചെയ്യുന്നത് അല്ലാഹുവിന്റെ മുമ്പിൽ അങ്ങനെയുള്ളവരുടെ നോമ്പ് നോമ്പല്ല. അവർക്ക് നോമ്പിന്റെ പ്രതിഫലം നഷ്ടമാകുന്നു.

ചുരുക്കത്തിൽ അല്ലാഹു കൽപിച്ചതുപോലെ പ്രവർത്തിക്കുക എന്നതാണ്. മനുഷ്യന്റെ ഓരോ കാൽവെപ്പും വളരെ സൂക്ഷ്മതയോടെ വെക്കണം. അവിടെ അല്ലാഹുവിന്റെ പ്രീതി മാത്രമായിരിക്കണം മുമ്പിൽ കാണേണ്ടത്. വിശ്വാസത്തിൽ ശക്തി കരസ്ഥമാക്കുന്നതോടൊപ്പം പ്രവർത്തനത്തിലും മാറ്റം ഉണ്ടാക്കിയിരിക്കണം. അഹ്മദികളും മറ്റുള്ളവർക്കും ഇടയിൽ എന്താണ് വ്യത്യാസമെന്ന് ഒരു വ്യക്തിക്ക് മനസ്സിലായിരിക്കണം. അതുകൊണ്ട് എല്ലാവിധ തിന്മകളിൽ നിന്നും നാം വിട്ടുനിൽക്കേണ്ടതാണ്. നാനാതരം നന്മകളെയും നാം സ്വായത്തമാക്കേണ്ടതാണ്. നമ്മിൽ പ്രവർത്തനപരമായ ഒരു പരിവർത്തനം ഉണ്ടാക്കേണ്ടതാണ്.

നാം നമ്മുടെ ചെറിയവർക്ക് മാതൃകയായിത്തീരുക. സ്വന്തം വീടുകളിൽ ഭാര്യാമക്കൾക്കായി മാതൃകയായിത്തീരുക. കൂടെ ജോലി ചെയ്യുന്നവർക്കും മാതൃകയായിത്തീരുക. എല്ലാവിധ തിന്മകളും നമ്മിൽ ഓരോരുത്തരിൽ നിന്നും പൂർണ്ണമായും ഇല്ലാതായിത്തീരുമാറ് വലിയവരും ചെറിയവരുമെല്ലാം പ്രവർത്തിക്കേണ്ടതാണ്. അതിന്റെ വേര് തന്നെ ഇല്ലാതായിത്തീരേണ്ടതാണ്. ജമാഅത്തിലുള്ളവരിൽ ഓരോരുത്തരും തങ്ങളുടെ ഇസ്ലാഹിനുവേണ്ടി പരിശ്രമിക്കുന്നില്ലെങ്കിൽ ജമാഅത്തിൽ തിന്മയുടെ വിത്ത് എപ്പോഴും നിലനിൽക്കും. അവസരം കിട്ടുമ്പോൾ അത് വളർന്ന് പന്തലിക്കും. അതുകൊണ്ട് നാനാതരം തിന്മയുടെയും വേരിനെ നമ്മിൽ നിന്നും പിഴുതെറിയേണ്ട ആവശ്യമാണുള്ളത്. അപ്പോൾ മാത്രമേ എല്ലാതരം തിന്മകളേയും ജമാഅത്തിൽ നിന്നും വിപാടനം ചെയ്തുകൊണ്ട് പ്രവർത്തനരൂപത്തിന്റെ യഥാർത്ഥ മാതൃകകളായി നമുക്ക് മാറാൻ സാധിക്കുകയുള്ളൂ. വിജയത്തിന്റെ കാഴ്ച അല്ലാഹു നമുക്ക് കാണിച്ചുതരുകയുള്ളൂ. നമ്മുടെ ദുആകൾ അപ്പോൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. ഇൻശാ അല്ലാഹുത്തആലാ. അല്ലാഹുവിന്റെ സാമീപ്യം നമുക്ക് കരസ്ഥമാക്കാനും സാധിക്കുകയുള്ളൂ. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.


**PRINTED BOOKS**

**To**

**From**
**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 March 30 at : Baitul Futuh London
Translation: M.Nasir Ahmed Kodiyathur 09497343704

Typing: Abu Talha (Jubail)
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**